കണ്ണൂർ ജില്ലയിലെ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ സ്റ്റാഫ് പാറ്റേൺ

51 (740) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ആകെ എത്ര സാമൂഹികാരോഗ്യകേന്ദ്രങ്ങളാണുള്ളത്; ഏതെല്ലാം;

(ബി) ഓരോ സാമൂഹികാരോഗ്യകേന്ദ്രത്തിലും അനുവദിക്കപ്പെട്ട ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും തസ്തികകൾ എത്രയാണ്;

(സി) പ്രസ്തുത ജില്ലയിലെ ഓരോ സാമൂഹികാരോഗ്യകേന്ദ്രത്തിലും ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും എത്ര ഒഴിവുകളാണ് നിലവിലുള്ളത്;

(ഡി) കണ്ണൂർ ജില്ലയിലെ സാമൂഹികാരോഗ്യകേന്ദ്രങ്ങളിലെ ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും ഒഴിവുകൾ നികത്തുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പതിനൊന്ന്, വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

1. സി.എച്ച്.സി. ഇരിക്കൂർ
2. സി.എച്ച്.സി. കൂട്ടുമുഖം
3. സി.എച്ച്.സി. മട്ടന്നൂർ
4. സി.എച്ച്.സി. അഴീക്കോട്
5. സി.എച്ച്.സി. എരിവേരി
6. സി.എച്ച്.സി. കരിവെള്ളൂർ .

LIBRARY ARCHIVES Kerala Legislative Assembly

7. സി.എച്ച്.സി. മയ്യിൽ

8. സി.എച്ച്.സി. ഒടുവള്ളിത്തട്ട്

9. സി.എച്ച്.സി. പാത്തൂർ

10. സി.എച്ച്.സി. പാപ്പിനിശ്ശേരി

11. സി.എച്ച്.സി. പിണറായി

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. (I&II)*

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു. (III)*

(ഡി) അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്. ജൂനിയർ കൺസൾട്ടന്റ് തസ്തികയിലേക്കുള്ള ഒഴിവുകൾ സർവ്വീസിൽ പി.ജി. ബിരുദമുള്ള അസിസ്റ്റന്റ് സർജൻമാരിൽനിന്നും ഓപ്ഷൻ വാങ്ങി റാങ്ക് ലിസ്റ്റ് തയ്യാറാക്കി; ആയതിൽ നിന്നും നിയമനം നൽകി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ലാബ്ടെക്നീഷ്യൻ, ഒപ്ടാൽമിക് അസിസ്റ്റന്റ് ഒഴിവുകൾ യഥാസമയം, പി.എസ്.സി., എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവരെ അറിയിച്ചിട്ടുണ്ട്.

സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശനം

52 (741) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

പ്രൊഫ. സി. രവീന്ദ്രനാഥ് :

ശ്രീ. വി. ശിവൻകുട്ടി :

ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശന മേൽനോട്ടത്തിനും ഫീസ് നിയന്ത്രണത്തിനുമായി രൂപീകരിച്ചിട്ടുള്ള ജെ. എം. ജയിംസ് കമ്മിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly